K26FY1022 Pages: 2 Reg No:................

Name:................

**Second Semester FYUGP Degree (Reg/Sup) Examination**

**April 2026**

**KU2AECMAL104 - DRISHYAKALASAHITHYAM**

2024 Admission onwards

Time : 1.5 hours Maximum Marks : 35

## Section A

**Answer any 6 questions. Each carry 2 marks.**

1. കഥകളിക്ക് ബദൽരൂപം എന്നനിലയിൽ കേരളത്തിലെ ക്രൈസ്തവർക്കിടയിൽ രൂപം കൊണ്ട കലാരൂപം ഏതാണ്; ഏതു പ്രദേശത്ത്, ആരാണ് ഈ കലാരൂപത്തിന് തുടക്കം കുറിച്ചത്?
2. മൂർത്തമൂർത്ത കാമാസ്ത്രമേറ്റ് ഞാൻ ദുഃഖിതയാവുകയും ശരീരം മെലിഞ്ഞ് എന്നിൽ നിന്നും നെടുവീർപ്പുയരുകയും ചെയ്തു - ദമയന്തി ഈ അവസ്ഥയിലെത്തിച്ചേരാനിടയായ സാഹചര്യം എന്താണ്?
3. ഏതെങ്കിലും രണ്ട് കുഞ്ഞുണ്ണി കവിതകൾ പരിചയപ്പെടുത്തുക.
4. അയ്യപ്പൻതീയാട്ട് എന്ന അനുഷ്ഠാനകലാരൂപത്തെ പരിചയപ്പെടുത്തുക.
5. നല്ല ജനത്തൊടു കൂടി വസിപ്പാൻ
   ഇല്ല നമുക്കൊരു ഭാഗ്യമതോർത്താൽ - സത്രാജിത്ത് രാജാവിന്റെ ഈ നിരാശയ്ക്ക് കാരണമെന്താണ്?
6. കുരുമുളകിനോളം വലുപ്പമുള്ള കസ്തൂരാദി ഗുളികയെ പരാമർശിച്ചുകൊണ്ടാണ് 'കവി കുഞ്ഞുണ്ണി മാഷ്' എന്ന ഡോക്യുമെൻററി ആരംഭിക്കുന്നത് -ഇതിലെ സാംഗത്യം എന്ത് ?
7. വേലകളി എന്ന ആയോധനകലയുടെ വേഷം, നൃത്തരീതി, കഥാസങ്കല്പം എന്നിവയെ കുറിച്ച് കുറിപ്പെഴുതുക.
8. കവി പരിചയം നടത്തുക - കുഞ്ഞുണ്ണി മാഷ്

## Section B

**Answer any 4 questions. Each carry 4 marks.**

9. കഥാപാത്രനിരൂപണം തയ്യാറാക്കുക - സബർമതി ദൂരെയാണ് എന്ന നാടകത്തിലെ വേണു
10. 'നൈറ്റ് കോൾ' എന്ന ഹ്രസ്വ സിനിമയിൽ അരവിന്ദാക്ഷൻ എന്ന കുട്ടി ഹരിയിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്? ചലചിത്ര സന്ദർഭം വിശകലനം ചെയ്യുക.
11. ആഗോളവൽക്കരണത്തിന്റെ കമ്പോള യുക്തികളാണ് മലയാള സിനിമയെ കൂടുതൽ ജനവിരുദ്ധമാക്കിയത് എന്ന അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണങ്ങൾ കുറിക്കുക.
12. ബന്ധങ്ങളെയും മൂല്യങ്ങളെയും ഒട്ടും പരിഗണിക്കാത്ത വർത്തമാനകാല യുവത്വത്തിന്റെ പ്രതീകമാണ് 'നൈറ്റ് കോളിലെ' ഹരി എന്ന കഥാപാത്രം. പരിശോധിക്കുക.
13. മലയാളസിനിമ കീഴാള ജീവിതങ്ങളെ അടയാളപ്പെടുത്തുന്നതിൽ പരാജയപ്പെട്ടു പോയി എന്ന് ലേഖകൻ അഭിപ്രായപ്പെടുന്നത് എന്തുകൊണ്ട്?



14. കുരള പറഞ്ഞു നടന്നു വരുന്നൊരു
    വിരുതൻമാർക്കൊരു വകയുണ്ടായി.
    കിംവദന്തികൾ പ്രചരിപ്പിക്കുന്ന മനുഷ്യരെ സ്യമന്തകം തുള്ളലിൽ കുഞ്ചൻ നമ്പ്യാർ പരിഹസിക്കുന്നതെങ്ങനെയാണ്?

## Section C

**Answer any 1 questions. Each carry 7 marks.**

15. നളചരിതം എന്ന ആട്ടക്കഥയുടെ പ്രധാന സവിശേഷത കഥാവതരണത്തിലെ നാടകീയതയാണ് - പഠിക്കാനുള്ള ഭാഗത്തെ മുൻനിർത്തി പ്രസ്താവനയെ പരിശോധിക്കുക.
16. കേരളത്തിലെ ക്ലാസിക്, നാടോടി കലാരൂപങ്ങളെല്ലാം മലയാളത്തിന്റെ തനത് മേൽവിലാസമുള്ളവയാണ് - ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.